# ബോൺസായ്

അവൾ അവന്റെ ജീവിതത്തിലേക്ക് വന്നത് ഇരുപത്തിഒന്നാമത്തെ വയസ്സിലാണ്, അവനന്ന് ഇരുപത്തിയെട്ടും. സമൃദ്ധമായ ദേഹവും അളവറ്റ സമ്പത്തും കൊണ്ടു വന്ന് അവൾ അവനെ പോഷിപ്പിച്ചു. അത് നാട്ടുനടപ്പ്.

കൊക്കുരുമി ചിറകുകൾ വിടർത്തി കുറേനാൾ അവര് ആഘോഷമായി ജീവിച്ചു. അതും നിത്യ ക്കാഴ്ചകളാണ്.

അപ്പോൾ അവന് തോന്നി ഇനി അവളെ ആരും കാണരുത്. കണ്ടാൽ അവളുടെ സമൃദ്ധിയിൽ മോഹിച്ച് കളവ് ചെയ്യപ്പെട്ടാലോ.....

അവൻ, അവളെ അടുക്കളയുടെ നാല് ചുവരുകൾക്കുള്ളിലേക്ക് നീക്കി നിർത്തി. കിളിർപ്പുകൾ വാതായനം നോക്കി വളരാൻ തുടങ്ങിയപ്പോൾ നുള്ളിയകറ്റി. വേരുകൾ അമിതമായി പോഷകവും നീരും സ്വീകരിച്ച് ദേഹ വടിവുകൾ ഇല്ലാതാക്കാൻ നോക്കിയപ്പോൾ, വേരുകളെ അറുത്തു മാറ്റി ചട്ടിയിലാക്കി.

@